● പഠനം

എം.വി മുഹമ്മദ് സലീം

# വർണം-വെള്ളം: ഒരു ഖുർആനിക വായന-2

**ഏഴാം** നൂറ്റാണ്ടിൽ അവതരിച്ച വിശുദ്ധ ഗ്രന്ഥത്തിലുള്ള ഒരു ശാസ്ത്ര രഹസ്യം കണ്ടെത്താൻ മനുഷ്യർക്ക് 1400 വർഷം പിന്നിടേണ്ടിവന്നു. ആ രഹസ്യമാണ് വർണവും വെള്ളവും തമ്മിലുള്ള ബന്ധം. വിശുദ്ധ ഖുർആനിൽ 35:27, 28 എന്നീ വചനങ്ങളിലും 39:21-ലും വെള്ളവും വർണവും തമ്മിലുള്ള ബന്ധം വ്യക്തമാക്കുന്നു.

"കണ്ടില്ലേ, അല്ലാഹു ആകാശത്തു നിന്ന് വെള്ളമിറക്കി. എന്നിട്ട് നാം (അല്ലാഹു) അതുകൊണ്ട് വിവിധ വർണത്തിലുള്ള ഫലങ്ങൾ ഉൽപാദിപ്പിച്ചു. പർവതങ്ങളിൽ വെളുത്തതും ചുവന്നതുമായ വരകളുണ്ട്. അവയുടെ വർണങ്ങൾ വിഭിന്നങ്ങളാണ്. തനി കറുപ്പായ വരകളുമുണ്ട്. ഇതേ പ്രകാരം മനുഷ്യരിലും ജന്തുക്കളിലും നാൽക്കാലികളിലും വിഭിന്ന വർണങ്ങളോടുകൂടിയവയുണ്ട്" (35:27, 28).

സസ്യങ്ങൾക്ക് വർണമുണ്ടാക്കാൻ ജലം സഹായകമാണെന്നത് ശാസ്ത്രം വളരെ മുമ്പെ കണ്ടെത്തിയിട്ടുണ്ട്. വെള്ളത്തിൽ ലയിച്ച ലവണങ്ങൾ വലിച്ചെടുത്താണല്ലോ സസ്യങ്ങൾ നിലനിൽക്കുന്നത്. എന്നാൽ പർവതങ്ങളിലെ പാറക്കെട്ടുകൾക്ക് വർണഭേദം വരുന്നതിന്റെ പിന്നിൽ വെള്ളത്തിന്റെ പ്രതിപ്രവർത്തനമാണുള്ളതെന്ന് അടുത്തകാലത്താണ് ശാസ്ത്രം കണ്ടെത്തിയത്.

പഴങ്ങൾക്കും പൂക്കൾക്കുമെന്ന പോലെ പാറക്കെട്ടുകൾക്കും മനുഷ്യർക്കും മൃഗങ്ങൾക്കും ഇതര ജന്തുജാലങ്ങൾക്കും വിവിധ വർണങ്ങൾ നൽകുന്നതിൽ വെള്ളത്തിനുള്ള പങ്കാണ് ഉപര്യുക്ത സൂക്തങ്ങൾ വെളിപ്പെടുത്തുന്നത്. പാറക്കെട്ടുകളുടെ വർണങ്ങൾ ഇതിൽ പ്രത്യേകം പഠനം നടത്തേണ്ട വിസ്മയമാണ്.

പാറക്കല്ലുകൾ വിവിധ വർണങ്ങളിലുണ്ടല്ലോ. ഗ്രീൻ, പിങ്ക്, ചുവപ്പ്, ചാരനിറം, കടുംകറുപ്പ് ഇങ്ങനെ അനേകം വർണങ്ങളിലും ആകർഷക ഡിസൈനുകളിലുമാണ് പാറക്കല്ലുകൾ കാണപ്പെടുന്നത്. മാർബിളും ഒരിനം പാറതന്നെയാണ്.

ഭൂഗർഭശാസ്ത്രം വിശദീകരിക്കുന്നത് പാറകളുടെ വർണം അവയിലുള്ള ഖനിജങ്ങളുടെ നിറങ്ങളിൽനിന്നും അവയുടെ ഘടകങ്ങളുടെ ക്രമീകരണത്തിൽനിന്നും കാലാവസ്ഥയുടെയും അന്തരീക്ഷമാറ്റങ്ങളുടെയും സ്വാധീനഫലമായും ഉത്ഭൂതമാകുന്നുവെന്നതാണ്. ഖനിജങ്ങളുടെ (Minarals) വർണം അവയുടെ രാസഘടനയുമായും അവസ്ഥിതിചെയ്യുന്ന പരിസ്ഥിതിയുമായും ബന്ധമുള്ളതാണ്.

ഖനിജശാസ്ത്രപ്രകാരം ഖനിജങ്ങളുടെ വർണമാറ്റം 'ആഗിരണ പ്രതിഭാസം' മൂലം സംഭവിക്കുന്നതാണ്. ഖനിജങ്ങൾ ദൃശ്യപ്രകാശ തരംഗങ്ങളെ ആഗിരണം ചെയ്യുന്നു. തദ്വാരാ ഒരു പുതിയ കൂട്ടം ഊർജം അഥവാ തരംഗ ശ്രേണി രൂപപ്പെടുകയും വയലറ്റ് മുതൽ ചുവപ്പ് വരെയുള്ള സപ്തവർണങ്ങൾ ഇങ്ങനെ ഉണ്ടാവുകയും ചെയ്യുന്നു. ചില ശാസ്ത്രഗ്രന്ഥങ്ങളിൽ നൽകുന്ന വിശദീകരണം ഇങ്ങനെയാണ്: ഒരേ വ്യവസ്ഥാപിത ക്രമീകരണത്തിലുള്ള ക്രിസ്റ്റലുകൾക്കുള്ളിൽ ഊർജത്തിന്റെ വ്യത്യസ്ത വിതാനങ്ങൾക്കിടയിൽ ഇലക്ട്രോണുകൾ സ്ഥാനം മാറിക്കൊണ്ടിരിക്കുന്നതാണ് വർണവൈവിധ്യമുണ്ടാക്കുന്നത് (Crystal Field theory). ചില പദാർഥങ്ങളുടെ അയണുകൾ, വിശിഷ്യ ഇരുമ്പ്, ക്രോമിയം, മാംഗനീസ് പോലുള്ള ലോഹങ്ങൾ ഈ പ്രക്രിയയിൽ പ്രത്യേകം പങ്കുവഹിക്കുന്നു. ചുരുക്കത്തിൽ ഈ ധാതുക്കളിലെ ഖനിജങ്ങളാണ് വർണനിർണയത്തിന്റെ പ്രധാന ഘടകം എന്നതിലാണ് ഈ സിദ്ധാന്തങ്ങളുടെയെല്ലാം മുഖ്യ ഊന്നൽ. ഇതംഗീകരിക്കുന്നതോടൊപ്പം, മറ്റൊരു സുപ്രധാന ഘടകത്തിന്റെ സ്വാധീനത്തെക്കുറിച്ച് വന്ന ഒരു പുതിയ പഠനവും നാം പരിശോധിക്കേണ്ടതുണ്ട്. വർണരൂപീകരണത്തിൽ വെള്ളത്തിനുള്ള പങ്കാണ് ഈ പഠനത്തിൽ സ്ഥാപിച്ചിരിക്കുന്നത്.

വെള്ളത്തിന്റെ രാസപ്രക്രിയകളറിഞ്ഞാൽ മാത്രമേ അതിന്റെ പ്രതിപ്രവർത്തനങ്ങൾ വ്യക്തമായി മനസ്സിലാക്കാനാവൂ. ഇതിൽ പ്രധാനമായവ:

1. വെള്ളം നിഷ്പ്രയാസം +H അയണും, -OH അയണുമായി വേർപിരിയും. ഈ രണ്ടു അയണുകളും രാസപ്രക്രിയയിൽ സജീവമാണ്. ഭൂതലത്തിൽനിന്ന് കീഴ്പോട്ട് പോകും തോറും ഈ അയണുകൾ വേർപിരിയാനുള്ള സാധ്യത വർധിക്കുന്നു. (+H) ഹൈഡ്രജൻ അയൺ രാസപ്രവർത്തനങ്ങൾ നടത്തുന്നു. (-OH) ഹൈഡ്രോക്സൽ അയൺ ഖനിജങ്ങളുടെ ധാതുസന്തുലിതത്വം സാധിക്കാൻ സഹായിക്കുന്നു.
2. പദാർഥങ്ങളെ ലയിപ്പിക്കാൻ വെള്ളത്തിന് ഏറ്റവുമധികം ശക്തിയുണ്ട്. ബാഷ്പമാക്കുമ്പോഴും ഈ സവിശേഷത നിലനിൽക്കുന്നു. ഭൂഗർഭത്തിലുള്ള നീരാവി ലയന പ്രക്രിയ സജീവമായി നടത്തി പാറക്കല്ലുകളുണ്ടാക്കുന്ന ഖനിജങ്ങളുടെ ഭാഗമായിത്തീരുന്നു.
3. പാറകളുടെ ചെറുസുഷിരങ്ങളിൽ ഇഴഞ്ഞിറങ്ങാൻ വെള്ളത്തിന് കഴിയും. പദാർഥങ്ങൾ ലയിപ്പിക്കാനും മറ്റിടങ്ങളിലേക്ക് നീക്കാനും വെള്ളത്തിന് എളുപ്പമാണ്.
4. ഒരേസമയം ഖര, ദ്രവ, ബാഷ്പ രൂപങ്ങളിൽ ഭൂമിയിലുള്ള ഒരേ ഒരു പദാർഥമാണ് വെള്ളം.
5. വെള്ളം വായു മണ്ഡലത്തി

ലുള്ള അംഗാരാമ്ലവാതകം ലയിപ്പിച്ച് അംഗാരാമ്ലം ഉൽപാദിപ്പിക്കുന്നു. ഇത് ഹൈഡ്രജൻ അയണും, ബൈകാർബ ണേറ്റുമായി വേർപിരിയുന്നു. മറ്റു ചില വാതകങ്ങളെയും വെള്ളം അതിൽ ലയി പ്പിക്കുന്നു. ഇത് പാറകളിൽ രാസപ്ര വർത്തനം നടത്താൻ വെള്ളത്തിന് സഹായകമാവുന്നു.

ഭൂമിയിൽ 71% വെള്ളമാണ്. ഭൂഗർഭ ജലം, വായു മണ്ഡലത്തിലുള്ള നീരാവി എന്നിവ വേറെയും. അതിനാൽ ഭൂതല ത്തിൽ സംഭവിക്കുന്ന പ്രതിപ്രവർത്തന ങ്ങളിൽ വെള്ളത്തിന് അനിഷേധ്യമായ സ്വാധീനമുണ്ട്.

പാറക്കല്ലുകളുടെ വർണം രൂപീക രിക്കുന്നതിൽ വെള്ളത്തിന്റെ പ്രതിപ്ര വർത്തനങ്ങൾ ബാഹ്യം, ആന്തരികം എന്ന് രണ്ടായി തരംതിരിക്കാം. ഇതിൽ ബാഹ്യപ്രവർത്തനങ്ങൾ ആവശ്യമായ സൗരോർജം സ്വീകരിച്ചുകൊണ്ടുള്ളതാ ണ്. വെള്ളം പാറകളുടെ രാസഘടന മാറ്റുന്നത് ഈ പ്രക്രിയയിലൂടെയാണ്. പാറകൾക്ക് വർണം നൽകുന്ന ഖനിജ ങ്ങളുടെ മാറ്റം അവയുടെ വർണങ്ങൾ മാറാൻ കാരണമാവുന്നു. ക്ലേമിനറൽ അഥവാ ഹൈഡ്രൈറ്റഡ് (ജലീകൃത) അലൂമിനിയം സിലിക്കേറ്റ് ഇങ്ങനെ മാറി വന്ന ഖനിജങ്ങൾക്ക് ഒരുദാഹരണം. ഇതുപോലെ 'മാഫിക് മിനറൽസി'ന്റെ വർണമാറ്റവും ശ്രദ്ധിക്കപ്പെട്ടിരിക്കുന്നു. ജലീകൃത 'ഫറോ മഗ്നീസ്യൻ' ഖനിജ ങ്ങളായി അവ മാറുന്നു.

അയസ് ഖനിജങ്ങൾ ഓക്സിജനു മായി ചേർന്ന് (ഗോസൻ) എന്നറിയപ്പെ ടുന്ന ജലീകൃത അയൺ ഓക്സൈഡു ണ്ടാവുന്നു. പല പ്രൈമറി ഖനിജങ്ങളും ജലവുമായി പ്രതിപ്രവർത്തിച്ച് സെക്കന്റ റി ഖനിജങ്ങളുണ്ടാവുന്നു. അവ വർണ ത്തിലും ഘടനയിലും വ്യത്യസ്തമായിരി ക്കും. ഉദാഹരണമായി കടുത്ത കറുപ്പ് നിറത്തിലുള്ള യൂറാനിയേറ്റിലെ ധാതു വായ യൂറാനിയം വെള്ളത്തിന്റെ പ്രതിപ്ര വർത്തനഫലമായി 200-ൽ അധികം തിള ങ്ങുന്ന വർണങ്ങളോടു കൂടിയ പുതിയ ഖനിജങ്ങളായി മാറുന്നു. ഇരുമ്പ്, മാംഗ നീസ് തുടങ്ങിയ ധാതുക്കളെ ലയിപ്പിച്ച് ക്രിസ്റ്റലുകളുടെ പ്രതലങ്ങളിൽ ചുവപ്പ്, കാപ്പിക്കളർ, വയലറ്റ് മുതലായ വർണങ്ങ ളിലുള്ള കറകളുണ്ടാക്കുന്നു.

ധാരാളമായി മഴവർഷിക്കുന്ന പ്രദേ ശങ്ങളിൽ വെള്ളം കുത്തിയൊലിച്ച് ശേഷിക്കുന്ന ഊറലുകൾ ജലീകൃത സിലിക്കേറ്റുകളും നൈട്രോക്സൈഡുക ളുമായിരിക്കും. അലൂമിനിയത്തിന്റെ അസംസ്കൃതരൂപമായ ബോക്സൈറ്റ് ഇതിൽപെടുന്നു.

ജലം ബാഷ്പമായി പോകുമ്പോൾ ലോഹങ്ങൾ തിളക്കമാർന്നതാകുന്നു. ജിപ്സം അന്തർലീനമായ വെള്ളത്തിന്റെ തോതനുസരിച്ച് വർണവ്യത്യാസമുള്ളതാ കുന്നത് ശ്രദ്ധേയമാണ്. ഒഴുകുന്ന വെള്ള ത്തിലെ ഊറലുകൾ ഇരുമ്പ്, മാംഗനീസ്, സിലിക്ക മുതലായവയുടെ അയണുമായി ചേർന്ന് ഊറലുകൾക്ക് സവിശേഷ വർണങ്ങൾ ഉണ്ടാകുന്നു. ഊറൽ കുഴിക ളിലേക്ക് പല ധാതുക്കളുടെയും മണികൾ ഒരുമിച്ചുകൂടുന്നതിനാൽ പാറക്ക് പലതരം നിറങ്ങളും ഉണ്ടാവുന്നു.

ഭൂമിയുടെ അന്തർഭാഗത്തുള്ള താപം ഊർജമാക്കി നടത്തുന്നതാണ് ആന്തരിക പ്രതിപ്രവർത്തനം (Internal process). ഇവയിൽ ഖനിജങ്ങൾ രൂപപ്പെ ടുന്നത് വെള്ളമടങ്ങുന്ന 'മാഗ്മ'യിൽ നിന്നാണ്. പാറകൾ രൂപപ്പെടുന്നതിൽ വെള്ളമടക്കമുള്ള ഘടകങ്ങൾക്ക് പ്രധാ ന പങ്കുണ്ട്. ഊഷ്മാവ് നിയന്ത്രിക്കുന്ന താണ് വെള്ളത്തിന്റെ പ്രധാന പ്രവർത്ത നം. 'മാഗ്മ' ഒട്ടിപ്പിടിക്കാനും വെള്ളം സഹായിക്കുന്നു. ഭൂമിക്കുള്ളിലെ അഗാധ തയിൽ ഇരുമ്പ് ഓക്സിജനുമായി ചേരാനും വെള്ളം സഹായകമാകുന്നു. ഓക്സിജന്റെ അനുപാതം വർധിച്ചാൽ അത് പാറകളുടെ നിറങ്ങളിൽ കാര്യമായ മാറ്റമുണ്ടാക്കുന്നു. അധികമാവുംതോറും ചുവപ്പു നിറം കൂടിക്കൂടിവരും.

മാഗ്മ ആഴങ്ങളിൽ കട്ടപിടിക്കു മ്പോൾ വിവിധ ക്രിസ്റ്റലുകൾ രൂപപ്പെ ടാൻ വെള്ളം ഒരു ഘടകമായി വർത്തി ക്കുന്നു. മാഗ്മയിൽ ഉയർന്ന തോതിൽ വെള്ളമുണ്ടാകുന്നത് മൈക്കാ ഗ്രൂപ്പിലെ ഖനിജങ്ങൾ ഉണ്ടാകാൻ കാരണമാകും. ഇവ ആകർഷക വർണങ്ങളുള്ളതോടൊ പ്പം വർണഭേദം വന്നുകൊണ്ടിരിക്കുന്നവ യുമാണ്.

കട്ടപിടിക്കുമ്പോൾ മാഗ്മയിലുള്ള ജലം പലധാതുക്കളെയും പിഴിഞ്ഞെ ടുത്ത് ഹൈഡ്രോ തെർമൽ ലായനിക ളിൽ കേന്ദ്രീകരിപ്പിക്കുന്നു. പിന്നീട തിൽനിന്ന് അടുത്ത ഘട്ടങ്ങളായി വിവിധ വർണങ്ങളുള്ള ഖനിജങ്ങൾ രൂപ പ്പെടുന്നു. ഇവയുടെ ഘടനയിൽ ഇല്ലെ ങ്കിലും രൂപീകരണത്തിൽ വെള്ളം പ്രധാന പങ്കുവഹിക്കുന്നുണ്ട്. ഖനിജങ്ങ ളിലുള്ള ദ്രവഘടകങ്ങൾ(Fluid Inclusions) കോർട്സ് പോലുള്ള ഖനിജങ്ങളിൽ വർണ വ്യത്യാസമുണ്ടാകാൻ സഹായക മാകുന്നു.

ബാഹ്യപ്രതിപ്രവർത്തനഫലമായി ഊറി രൂപംപൂണ്ട ഖനിജങ്ങളിൽ കയറിയ ജലം പുറത്തുപോകുമ്പോൾ 'ഓപൽ' മാറി 'കോർട്സ്'ആവുന്നു; 'ലെമോ നൈറ്റ്' മാറി 'മാഗ്നറ്റൈറ്റ്' ആകുന്നു. വീണ്ടും കട്ടയാകുന്നതിൽ വെള്ളവും അംഗാരാമ്ല വാതകവുമാണ് പ്രധാന പങ്കു വഹിക്കുന്നത്. വെള്ളത്തിന്റെ സാന്നിധ്യത്തിൽ മാത്രം രൂപപ്പെടുന്ന അനേകം വർണങ്ങളിലുള്ള ഖനിജങ്ങളു ണ്ടെന്നത് നിസ്തർക്കമത്രെ. വിശുദ്ധ ഖുർആൻ വെള്ളവും വർണവും തമ്മിൽ ബന്ധിപ്പിച്ചതിന്റെ പൊരുൾ ഇതിൽനിന്ന് വ്യക്തമാകുന്നുണ്ടല്ലോ.

## തേനും രോഗശാന്തിയും

വിശുദ്ധ ഖുർആനിലെ 16-ാം അധ്യായത്തിന് 'തേനീച്ച' എന്നർഥമുള്ള 'നഹ്ൽ' എന്ന് നാമകരണം ചെയ്തിരി ക്കുന്നു. തേനീച്ചയുടെയും തേനിന്റെയും സവിശേഷതകളിലേക്കുള്ള സൂചനയാ ണിത്. ഗവേഷകർ ദിനേന പുതിയ വിസ്മയങ്ങളാണ് തേനിനെക്കുറിച്ച് കണ്ടെത്തുന്നത്. ദൈവികമായ ബോധന ത്തിലൂടെ തേൻ തേടിപ്പിടിക്കുകയും ശേ ഖരിക്കുകയും ചെയ്യുന്ന തേനീച്ചയുടെ പ്രവർത്തനങ്ങളിൽ പല അത്ഭുതങ്ങളുമു ണ്ട്. തേനന്വേഷിച്ച് കണ്ടെത്തിയ ഈച്ച കൂട്ടിൽ തിരിച്ചെത്തിയാൽ കൂട്ടുകാർക്ക് തേനുള്ള പ്രദേശം മനസ്സിലാക്കിക്കൊടു ക്കുന്നത് ഒരു പ്രത്യേക ഇനം ശരീര ചല നങ്ങളി(നൃത്തം)ലൂടെയാണ്. ഈ നൃത്ത ത്തിൽനിന്ന് തേനിന്റെ സുലഭത, കൂട്ടിൽ നിന്നുള്ള അകലം തുടങ്ങിയ കാര്യങ്ങൾ മറ്റു ഈച്ചകൾ മനസ്സിലാക്കുന്നു. നൃത്തം കഴിയുന്നതോടെ വഴികാട്ടിയായ തേനീച്ച ചത്തുപോകുന്നു. കൂട്ടുകാർക്ക് തെറ്റായ ലക്ഷ്യം കണ്ടെത്താനുള്ള നിർദേശം നൽകാൻ തന്റെ ഊർജം തീർത്തും ഉപ യോഗിച്ചാണ് അത് നൃത്തം വെച്ചത്! വി ശുദ്ധ ഖുർആൻ തേനീച്ചയുടെ സഞ്ചാരം പ്രത്യേകം എടുത്തു പറഞ്ഞത് എത്ര അന്വർഥം!

"നിന്റെ നാഥൻ തേനീച്ചക്ക് ബോ ധനം നൽകി; പർവതങ്ങളിലും വൃക്ഷങ്ങ ളിലും മനുഷ്യർ കെട്ടിയുണ്ടാക്കുന്ന പന്ത ലുകളിലും കൂടുണ്ടാക്കുക."

"എന്നിട്ട് എല്ലാ ഇനം ഫലങ്ങ ളിൽനിന്നും ഭുജിക്കുക: നിന്റെ നാഥൻ നിർണയിച്ച സൗകര്യപ്രദമായ വഴികളിൽ സഞ്ചരിക്കുക.'' ''അവയുടെ വയ റ്റിൽനിന്ന് വിഭിന്ന വർണങ്ങളിലുള്ള പാ നീയം പുറത്തുവരുന്നു. അതിൽ മനു ഷ്യർക്ക് രോഗശമനമുണ്ട്. ചിന്തിക്കുന്ന ജനതക്ക് ഇതിൽ വലിയ ദൃഷ്ടാന്തമുണ്ട്" (16:68,69).

തേനിലുള്ള വിവിധ ഇനം ആന്റി ഓക്സിഡന്റുകളാണ് അതിലെ ഔഷധമൂ ല്യമെന്ന് ഗവേഷകർ കണ്ടെത്തിയിരിക്കു ന്നു. പഴങ്ങളിലും പച്ചക്കറികളിലുമുള്ള അതേ ഘടകങ്ങളാണ് തേനിലെ ആന്റി ഓക്സിഡന്റുകളിൽ കാണുന്നത്. തേനീച്ച യെക്കുറിച്ച് പരാമർശിക്കുമ്പോൾ വിവിധ ഇനം പഴങ്ങളിൽനിന്ന് മധുനുകരാൻ നിർദേശിച്ചതായി എടുത്തു പറയുന്ന തിന്റെ പ്രസക്തി നമുക്കിതിൽനിന്ന്

ഗ്രഹിക്കാം.

തേനിന്റെ വർണവൈവിധ്യം വിശുദ്ധ ഖുർആൻ പ്രത്യേകം എടുത്തുപറയുന്നുണ്ട്. തെളിമയാർന്ന സ്വർണവർണത്തിലുള്ള തേനിനാണ് ജനപ്രീതി. മാർക്കറ്റിൽ മൂല്യവും അതിനുതന്നെ. എന്നാൽ അടുത്ത കാലത്തായി ഇല്ലിനോയ്സ് യൂനിവേഴ്സിറ്റിയിൽ നടത്തിയ ഗവേഷണത്തിൽ വ്യത്യസ്തമായ ഒരു വസ്തുത കണ്ടെത്തി. “വർണം കടുപ്പമുള്ളതാകുമ്പോൾ രോഗപ്രതിരോധശക്തി പ്രദാനം ചെയ്യുന്ന ആന്റി ഓക്സിഡന്റുകൾ ഉയർന്ന തോതിൽ കാണപ്പെടുന്നു. ഈ വർണമാറ്റം പൂക്കളുടെ ഇനങ്ങളുമായി ബന്ധപ്പെട്ടുനിൽക്കുന്നു.” സസ്യങ്ങളുടെ പങ്ക് അനിഷേധ്യമാണെന്നർഥം. തേനീച്ചയെക്കുറിച്ച് പറയുന്നതിന് തൊട്ടുമുമ്പുള്ള വചനം ഈത്തപ്പഴവും മുന്തിരിയും പ്രയോജനപ്പെടുത്തുന്നതിനെക്കുറിച്ചാണ്. ഈ ചർച്ച ആരംഭിക്കുന്നതാകട്ടെ മഴ വർഷിക്കുന്നതിനെക്കുറിച്ച് പറഞ്ഞുകൊണ്ടാണ്: “അല്ലാഹു ആകാശത്തുനിന്ന് വെള്ളമിറക്കി. അങ്ങനെ ഭൂമിയെ അതിന്റെ നിർജീവാവസ്ഥക്ക് ശേഷം പുനരുജ്ജീവിപ്പിച്ചു. ശ്രദ്ധിച്ചു കേൾക്കുന്ന ജനങ്ങൾക്ക് അതിൽ വലിയ ദൃഷ്ടാന്തമുണ്ട്” (16:65). ഇതിന്റെ തുടർച്ചയായി ക്ഷീരോൽപാദനത്തെക്കുറിച്ചും അതിൽ അന്തർലീനമായ ദൈവിക സംവിധാനത്തെക്കുറിച്ചും പരാമർശിക്കുന്നു. പാനീയങ്ങളെക്കുറിച്ച് പറയുമ്പോൾ അവയുടെ പ്രധാന ഘടകമായ വെള്ളത്തിന്റെ ഭാഗം വിസ്മരിക്കാവതല്ലല്ലോ. തുടർന്നാണ് തേനീച്ചയും തേനും ചർച്ച ചെയ്യപ്പെടുന്നത്. അതിനാൽ ആകാശത്തുനിന്ന് പെയ്തിറങ്ങുന്ന വെള്ളം ഈ അനുഗ്രഹങ്ങളുടെ പ്രധാന ഘടകമായി മുൻപന്തിയിൽനിൽക്കുന്നു.

തേനീച്ച തേൻ ശേഖരിക്കുന്ന പൂക്കൾക്കും പഴങ്ങൾക്കും വിവിധ വർണങ്ങളാണുള്ളത്. ഇവയുടെ വർണങ്ങൾക്ക് രോഗപ്രതിരോധ ശക്തിയുണ്ടെന്നും കടുത്ത വർണങ്ങൾ കൂടുതൽ പ്രതിരോധ ശേഷിയുള്ളവയാണെന്നും നാം മനസ്സിലാക്കി. വർണങ്ങളുടെ അതിവിസ്മയമായി തേൻ അനേകം രോഗങ്ങളെ ചെറുത്തുനിൽക്കാൻ കെൽപുറ്റ ഒരു പ്രതിരോധ ഔഷധമായി മാറുന്നു. പൂക്കളിൽ മാറിമാറി സഞ്ചരിക്കുന്ന തേനീച്ചക്ക് അവയുടെ വർണങ്ങളിൽനിന്ന് സ്വീകരിക്കുന്ന ഊർജതരംഗങ്ങൾ പ്രതിരോധശക്തി പകരുന്നു. തേനീച്ചയുടെ ‘വയറ്റിൽ’നിന്ന് പുറത്തുവരുന്ന തേനിൽ ഈ ഔഷധമൂല്യമുള്ള എൻസൈമുകൾ ധാരാളമായി കലർന്നതിനാൽ പൂക്കളിൽ കാണുന്ന തേനിൽനിന്നും അത് വളരെ വ്യത്യസ്തമാണ്. പല വർണങ്ങളുള്ള പൂക്കളുടെ തേനുകൾ ഒന്നിച്ചുചേർന്നുണ്ടാവുന്നതിനാൽ തേനീച്ചയുടെ തേൻ ഉയർന്ന ഔഷധഗുണമുള്ളതായിത്തീരുന്നു.

തേനിന്റെ ഔഷധമൂല്യങ്ങൾ പാരമ്പര്യചികിത്സയിൽ പണ്ടേ അംഗീകരിക്കപ്പെട്ടിരുന്നു. എന്നാൽ ശാസ്ത്രലോകത്തിന് വ്യക്തമായ തെളിവുകൾ ലഭിക്കാതിരുന്നതിനാൽ അവരതംഗീകരിച്ചിരുന്നില്ല. അടുത്ത കാലത്ത് നടന്ന ഗവേഷണങ്ങളിലാണ് തേനിൽ രോഗപ്രതിരോധരംഗത്ത് മുൻപന്തിയുള്ള ആന്റി ഓക്സിഡന്റുകളുടെ സാന്നിധ്യം വ്യക്തമായി സ്ഥാപിക്കാൻ കഴിഞ്ഞത്.

വിശുദ്ധ ഖുർആൻ ഏഴാം നൂറ്റാണ്ടിൽ നടത്തിയ പ്രസ്താവം അനിഷേധ്യമായി തെളിഞ്ഞതായി ശാസ്ത്രം സമ്മതിച്ചിരിക്കുകയാണിപ്പോൾ! പ്രപഞ്ചനാഥനായ അല്ലാഹു അജയ്യനും സർവജ്ഞനുമത്രെ; ദൈവിക ഗ്രന്ഥവും അജയ്യമായി ലോകാവസാനം വരെ നിലകൊള്ളുമെന്നതിന് ദിനേന നൂതനമായ ദൃഷ്ടാന്തങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നു.

(അവസാനിച്ചു)

**റഫറൻസ്**


1. The Holy Quran
2. www.colourtherapyhealing.com
   All related headings in the site.
3. www.colourenerygy.com
   All related headings in the site
4. The Color of health (Science News)
   All related headings in the site
5. Eat in colour (science News)
6. الماء ودوره في تلوين الصخور د. عبد الله عمر نصيف
7. مجلة لإعجاز : عدد 2